(സി) പാർസൂരിലെ വിപണനകേന്ദ്രം വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ വാടക കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കാമോ;

(ഇ) മുഴുവൻ കുടിശ്ശികയും എപ്പോൾ കൊടുത്ത് തീർക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആകെ 146 വിപണന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ബി) കണ്ണൂർ ടൗണിൽ അഞ്ചു ഡിപ്പോകളും, തലശ്ശേരിയിൽ രണ്ടും ചെറുപുഴ, പഴയങ്ങാടി, പയ്യന്നൂർ, തളിപ്പറമ്പ്, കൂത്തുപറമ്പ്, ഇരിട്ടി, പാനൂർ, ഒട്ടന്നൂർ എന്നീ സ്ഥലങ്ങളിൽ ഓരോ യൂണിറ്റ് വീതവും പ്രവർത്തിക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) വാടക കുടിശ്ശിക 49,800 രൂപയാണ്.

(ഇ) കെട്ടിടത്തിന്റെ ഉടമസ്ഥ മരണപ്പെട്ടതിനുശേഷം നിയമാനുസൃത അവകാശികൾ ഹാജരാകാത്തതിനാലാണ് വാടക കുടിശ്ശികയായത്. നിയമാനുസൃത അവകാശികൾ ഹാജരാകുമ്പോൾ കുടിശ്ശിക കൊടുത്ത് തീർക്കുന്നതാണ്.

റെഡിമെയ്ഡ് തുണിത്തരങ്ങൾ കയറ്റുമതി ചെയ്യുന്ന സ്ഥാപനങ്ങൾ

23 [2892] ശ്രീ. യു. സി. രാമൻ:
,, സി. മോയിൻകുട്ടി:
,, ടി. പി. എം. സാഹിർ:
,, ചെർക്കളം അബ്ദുള്ള:
,, ഇസ്ഹാക്ക് കുരിക്കൾ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെഡിമെയ്ഡ് തുണിത്തരങ്ങൾ കയറ്റുമതി ചെയ്യുന്ന എത്ര സ്ഥാപനങ്ങൾ നിലവിലുണ്ട്;

(ബി) ഓരോ ജില്ലയിലും എത്ര;

(സി) പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാർ ധനസഹായം ലഭിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഈ വർഷം നൽകിയ ധനസഹായത്തിന്റെ വിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ 114 സ്ഥാപനങ്ങൾ റെഡിമെയ്ഡ് തുണിത്തരങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ല തിരിച്ചുള്ള കണക്ക് ഇപ്രകാരമാണ്:

തിരുവനന്തപുരം	..	9
കൊല്ലം	..	3
ആലപ്പുഴ	..	3
പത്തനംതിട്ട	..	1
കോട്ടയം	..	6
ഇടുക്കി	..	ഇല്ല.
എറണാകുളം	..	23
തൃശ്ശൂർ	..	5
പാലക്കാട്	..	9
മലപ്പുറം	..	3
കോഴിക്കോട്	..	10
വയനാട്	..	ഇല്ല.
കണ്ണൂർ	..	41
കാസർഗോഡ്	..	1
ആകെ		114

(സി) കൈത്തറി ഡയറക്ടറേറ്റിൽനിന്നും സഹകരണ സംഘങ്ങൾക്ക് മാത്രം 20% എക്സ്പോർട്ട് സബ്സിഡി നൽകിവരുന്നുണ്ട്.

(ഡി) ഈ വർഷം ജൂലായ് 2005 വരെ 29,48,908 രൂപ രണ്ട് സഹകരണ സംഘങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

മലബാർ സ്പിന്നിംഗ് ആൻറ് വീവിംഗ്മിൽ തൊഴിലാളികൾക്ക് ലേ ഓഫ് വേതനം നൽകാൻ നടപടി

24 [2893] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലയിലുള്ള മലബാർ സ്പിന്നിംഗ് ആൻറ് വീവിംഗ്മിൽ ലേ ഓഫ് ചെയ്തിട്ട് എത്ര കാലമായെന്ന് വിശദമാക്കാമോ;

(ബി) നിയമാനുസൃതമായ ലേ ഓഫ് വേതനം തൊഴിലാളികൾക്ക് നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ എത്തുവരെ കൊടുത്തു എന്നും എത്ര മാസത്തെ കുടിശ്ശിക ഉണ്ടെന്നും കുടിശ്ശിക എപ്പോൾ കൊടുത്തുതീർക്കുമെന്നും വ്യക്തമാക്കുമോ;

(സി) സ്ഥാപനം പുനരുദ്ധരിച്ച് ഉൽപ്പാദനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ഡി) സ്ഥാപനത്തിൽ ഇപ്പോൾ മൊത്തം എത്ര തൊഴിലാളികളും ജീവനക്കാരും ഉണ്ടെന്നും ഇവർക്ക് എപ്പോൾ മുതൽ നൽകുമെന്നും അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly